ശ്രീ. കെ. ടി. ജേക്കബ്: മുതലാളിമാരുടെ കണക്ക് പരിശോധിക്കുക, സൂക്ഷിക്കുക ഇതൊന്നും ഈ ഗവൺമെൻറിന്റെ ചുമതലയല്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി ഭരിച്ചുകൊണ്ടിരുന്ന കാലത്ത് ഈ രാജ്യത്ത് അരി റേഷൻ കുറച്ചിട്ടുണ്ടോ? അന്ന് ഈ രാജ്യത്തെ എത്ര ആയിരം മുതലാളിമാരെ സംരക്ഷിച്ചിട്ടുണ്ടെന്നു ഗവൺമെൻറിന് അറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: അറിഞ്ഞുകൂടാ.

മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞുസാഹിബ്ബിനെ മന്ത്രിസഭയിൽ തിരിച്ചെടുക്കാനുള്ള നീക്കം

* 121 (451) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞുസാഹിബിനെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭയിൽ തിരികെ എടുക്കുവാൻ ഏതെങ്കിലും ഭരണകക്ഷികൾ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അദ്ദേഹത്തെ മന്ത്രിസഭയിൽ തിരികെ എടുക്കുവാൻ മുഖ്യമന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) ഇല്ല.

(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഐ. എസ്. പി. യുടെ നേതാക്കൻമാർ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല.

ശ്രീ. എം. രാമുണ്ണി: കുഞ്ഞുസാഹിബ്ബിന്റെ അഡ്വക്കേറ്റ് ശ്രീ. എസ്. ഈശ്വരയ്യർ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മന്ത്രിയാക്കണമെന്ന് ഉപദേശം നൽകിയതായി അറിയുന്നു. അത് വാസ്തവമാണോ? അത് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെൻറിന് ശ്രീ. ഈശ്വരയ്യർ യാതൊരു ഉപദേശവും നൽകിയിട്ടില്ല.

മാർക്സിസ്റ്റ് പാർട്ടി എം. എൽ. എ. മാരുടെ സത്യാഗ്രഹം

* 122 (452.) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റിനടയിൽ മാർക്സിസ്റ്റ് പാർട്ടി എം. എൽ. എ. മാർ ഈ മാസത്തിൽ നടത്തിയ സത്യാഗ്രഹസമരപരിപാടി അവസാനിപ്പിക്കാൻ മുഖ്യമന്ത്രി എന്തെല്ലാം ചെയ്തുവെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): സമരം ഒത്തുതീർപ്പായി. ഒത്തുതീർപ്പുവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ 614 തൊഴിലാളികളെ 1969 ഡിസംബർ മാസത്തിലും, 1970 ജനുവരി, ഫെബ്രുവരി മാസങ്ങളിലും പിരിച്ചുവിട്ടതും, അതിനോടു ബന്ധപ്പെട്ടതും പ്രസക്തങ്ങളുമായ എല്ലാ കാര്യങ്ങളും അഡ്ജൂഡിക്കേഷനു വിട്ടുകൊണ്ടു ഗവൺമെൻറ് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സമരം തുടങ്ങുന്ന സമയത്ത് എത്ര തൊഴിലാളികൾ പുറത്തായിരുന്നു എന്നും സമരം അവസാനിച്ചപ്പോൾ എത്ര തൊഴിലാളികൾ അകത്തായി എന്നും പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. അച്യുതമേനോൻ: അതിന്റെ കൃത്യമായ കണക്ക് ഗവൺമെൻറിന്റെ കൈയിലില്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: മാർക്സിസ്റ്റ് എം. എൽ. എ. മാർ സെക്രട്ടേറിയറ്റ് നടയിൽ നിരാഹാര സത്യാഗ്രഹം നടത്തിവരവെ ബഹുമാനപ്പെട്ട ഏതാനും ചില എം. എൽ. എ. മാർ അവർ രാജ്യത്തിനു പ്രിയപ്പെട്ടവരായതുകൊണ്ട് സ്വയം നിരാഹാരസത്യാഗ്രഹം നിറുത്തിവച്ചതായി പത്രത്തിൽ വായിക്കുകയുണ്ടായി. അതുസംബന്ധിച്ച് ഗവൺമെൻറിന് എന്തെങ്കിലും വിവരമുണ്ടോ?

മി. സ്പീക്കർ: അവർ നിരാഹാര സത്യാഗ്രഹം നിറുത്തിവച്ചത് അവരുടെ കാര്യമാണ്. ഗവൺമെൻറ് എന്തിനാണ് അതേപ്പറ്റി ആലോചിക്കുന്നത്?

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സർ, ഞാൻ ഇതുമായി ബന്ധപ്പെട്ട ചോദ്യമാണ് ചോദിക്കുന്നത്.

മി. സ്പീക്കർ: 453-നു കൂടി ഉത്തരം പറയണം.

ട്രാൻസ്പോർട്ടുസമരം

* 123 (453) ശ്രീ. പി. പി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടുകൊണ്ട് ട്രാൻസ്പോർട്ടു സമരത്തിൽ ഒത്തുതീർപ്പുണ്ടാക്കുന്നതിനുള്ള സംഭാഷണങ്ങൾ നടത്തുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ സംഭാഷണത്തിന്റെ ഫലമെന്താണെന്നു വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ & ബി) ഇതിന്റെ ഉത്തരവും ഞാൻ നേരത്തെ പറഞ്ഞു കഴിഞ്ഞു. ഒത്തുതീർപ്പുണ്ടാക്കാനുള്ള സംഭാഷണങ്ങൾ നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം അഡ്ജൂഡിക്കേഷനുവിട്ടുകൊണ്ട് ഉത്തരവുണ്ടായി.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: സെക്രട്ടേറിയറ്റ് നടയിൽ 10 എം. എൽ. എ. മാർ നിരാഹാരസത്യാഗ്രഹം നടത്തി വരികയായിരുന്നു. ഏതാനും ചില എം. എൽ. എ. മാരുടെ ആരോഗ്യസ്ഥിതി മോശമായതിനെത്തുടർന്ന് ആശുപത്രിയിലേക്ക് കൊണ്ടുപോയി. എന്നാൽ വേറെ ഏതാനും

LIBRARY ARCHIVES Kerala Legislative Assembly